പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2245 14.06.2019-ൽ മറുപടിക്ക്**

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനം**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്, അന്തർദേശീയ നിലവാരമുള്ള ഒരു ധനതത്വശാസ്ത്ര ഗവേഷണ കേന്ദ്രമെന്ന നിലയിൽ ഉയർത്തുന്നതിനായി ആദ്യപടിയെന്ന നിലയിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 'affiliation' 2018 ഫെബ്രുവരിയിൽ കരസ്ഥമാക്കുകയും, പ്രസ്തുത വർഷം തന്നെ ധനതത്വശാസ്ത്രത്തിൽ Ph.D ചെയ്യുന്നതിനായി ഗവേഷക വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുമുണ്ടായി. Ph.D Programme നടന്നു വരുന്നു.<br>ഇതോടൊപ്പം പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ട്രയിനിംഗ് സെന്റർ കൂടിയാണ്. പ്രസ്തുത വകുപ്പിൽ 'സ്റ്റേറ്റ് ടാക്സ് ഓഫീസർമാരായി ' PSC നിയമിച്ച ആദ്യ ബാച്ചിൽപ്പെട്ട 70 പേർക്ക് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് ട്രയിനിംഗ് 2017-18-ൽ നൽകിയത്. Kerala State Financial Enterprises (KSFE)-യുടെ വിവിധ കേഡർ ഉദ്യോഗസ്ഥർക്കുള്ള ഇൻ-സർവ്വീസ് ട്രയിംനിംഗ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ 2017-18, 18-19 ആയി നടന്നു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ